Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Salim geeroad**
Technical Support **Fahis Ali** Cover **Alif sha**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073
e-mail **managerprabodhanamclt@gmail.com**

# മലർവാടി

**കുട്ടികളുടെ മാസിക**

2017 ജൂലൈ, പുസ്തകം 37, ലക്കം 09

## മലർമൊഴി

**“നിങ്ങളുടെ സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നത് ഒരു ധർമ്മമാകുന്നു.” (മുഹമ്മദ് നബി)**

നാം നിസ്സാരമാണെന്ന് കരുതുന്ന ചില കാര്യങ്ങൾക്ക് നമ്മുടെ ജീവിതം സുന്ദരവും സന്തുഷ്ടവുമാക്കുന്ന അർത്ഥങ്ങളും ഫലങ്ങളുമുണ്ട്. അത്തരം കാര്യങ്ങളിലൊന്നാണ് മുഹമ്മദ് നബി ഈ ഉപദേശത്തിലൂടെ ചൂണ്ടിക്കാട്ടുന്നത്. ആളുകൾ കണ്ടുമുട്ടുന്നവരോട് പുഞ്ചിരിക്കുകയോ പുഞ്ചിരിക്കാതിരിക്കാതെ അവഗണിച്ചു കടന്നുപോവുകയോ ചെയ്യാറുണ്ട്. അത്ര വലിയ കാര്യമാണോ? ആണ്. വലിയ കാര്യം തന്നെയാണ്.

നല്ല പെരുമാറ്റത്തിന്റെയും നല്ല വ്യക്തിത്വത്തിന്റെയും ലക്ഷണമാണ് കണ്ടുമുട്ടുമ്പോൾ പുഞ്ചിരിക്കുന്ന മുഖം. പുഞ്ചിരിക്കാതെ ഗൗരവംപൂണ്ട മുഖവുമായി അവഗണിച്ചു കടന്നു പോകുന്നത് അഹന്തയുടെയും അന്യതയുടെയും സങ്കുചിത മനസ്സിന്റെയും ലക്ഷണമാണ്. പുഞ്ചിരിയിലൂടെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം കൈമാറുകയാണ് നാം. മറു പുഞ്ചിരിയിലൂടെ മറ്റുള്ളവർ നമുക്ക് കൈമാറുന്നതും അത് തന്നെ. നമ്മുടെ പുഞ്ചിരിയിലെ ആത്മാർത്ഥതയുടെയും നിഷ്കളങ്കതയുടെയും അളവിനനുസരിച്ചായിരിക്കും ആ സന്ദേശത്തിന്റെ ശക്തിയും സ്വാധീനവും.

അന്യരോടടുക്കുന്നതിനും ചങ്ങാത്തം സ്ഥാപിക്കുന്നതിനുമുള്ള ഒന്നാമത്തെ ചുവടുവെപ്പാണ് പുഞ്ചിരിച്ചുകൊണ്ടുള്ള അഭിമുഖീകരണം. നിറഞ്ഞ പുഞ്ചിരിയുമായി







മുന്നിൽവരുന്ന ഒരാളെ തള്ളിക്കളയാൻ നിങ്ങൾക്കാവില്ല.

അതുപോലെ നിങ്ങളെ തള്ളിക്കളയാൻ അയാൾക്കുമാവില്ല. നിങ്ങൾക്കിടയിൽ നേരത്തെ വല്ല പിണക്കവുമുണ്ടെങ്കിൽ നിങ്ങളുടെ തെളിഞ്ഞ പുഞ്ചിരിയിൽ അതലിഞ്ഞില്ലാതാവുകയും സൗഹൃദം പൂവിടുകയും ചെയ്യും.

കേവലം അധരചലനം എന്നതിലുപരി പുഞ്ചിരിക്ക് ശരീരശാസ്ത്രപരവും മനഃശാസ്ത്രപരവുമായ പ്രാധാന്യമുള്ളതായി ആധുനിക ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരിക്കുന്നു. മറ്റുള്ളവർ നമ്മെ നോക്കി പുഞ്ചിരിക്കുന്നത് കാണുമ്പോൾ നമ്മുടെ ഹൃദയം മുതൽ നാഡീവ്യൂഹം വരെയുള്ള ശരീരാവയവങ്ങളിൽ ഒരു പ്രതികരണമുളവാകുന്നു.

മസ്തിഷ്കം ഒരു പ്രത്യേക ദ്രവം സ്രവിപ്പിക്കുകയും അത് മനസ്സിനും ശരീരത്തിനും ഉന്മേഷം പകരുകയും ചെയ്യുന്നു. മനസ്സിന്റെ പിരിമുറുക്കം കുറയുകയും ആശ്വാസമനുഭവപ്പെടുകയും ചെയ്യുന്നു.



പുഞ്ചിരിയെ മഹത്വപ്പെടുത്താൻ പ്രവാചകൻ ഉപയോഗിച്ച 'ധർമം' എന്ന പദത്തിനു 'ദാനം' എന്നും, ദൈവ വിശ്വാസി ചെയ്യേണ്ടതും ചെയ്താൽ ദൈവം പ്രസാദിക്കുന്നതുമായ 'കർമം' എന്നും അർത്ഥമുണ്ട്. രണ്ടർത്ഥത്തിലും പുഞ്ചിരി ധർമമാണെന്നാണ് പ്രവാചകൻ പറഞ്ഞത്.

പുഞ്ചിരിയിലൂടെ മറ്റുള്ളവർക്ക് സന്തോഷം നൽകുന്നത് ദാനം. സ്നേഹവും സന്തോഷവും, കൊണ്ടും കൊടുത്തും ജനങ്ങളിൽ ഐക്യവും സഹകരണവും വളർത്തണമെന്നുള്ളത് ദൈവം അനുശാസിച്ചിട്ടുള്ള കാര്യമാണ്. അതനുസരിക്കുന്നതിലൂടെ നമ്മൾ ദൈവത്തിന്റെയും സ്നേഹവലയത്തിൽ ഉൾപ്പെടുന്നു അതുകൊണ്ട് കൂട്ടുകാരോട് പുഞ്ചിരിക്കാൻ മടിക്കരുത്. സ്മൈൽ പ്ലീസ്!

**പത്രാധിപർ**